കൂടാതെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനത്തിനുള്ള പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്ത്സും നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനും ചേർന്നുള്ള പുതിയ സംരംഭത്തിന് നിർദ്ദേശം നിലവിലുണ്ട്.

മതിയായ രേഖകളില്ലാതെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ

*9 [418] ശ്രീ. പി. ജയരാജൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകൾ ഇല്ലാതെ സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്ന് കോടിക്കണക്കിന് രൂപ വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പയായി നൽകിയതായി നബാർഡ് കണ്ടെത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നബാർഡ് കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ;

(ബി) നബാർഡ് സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച് നടത്തിയ പരിശോധനാ റിപ്പോർട്ടുകളിൽ വായ്പാക്രമക്കേടുകളുമായി ബന്ധപ്പെട്ടവ ഏതൊക്കെയാണ്;

(സി) ബാങ്കിന്റെ ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം നൽകപ്പെട്ട ഏതെല്ലാം വായ്പകളുടെ കാര്യത്തിൽ ഏതെല്ലാം നിലയിലുള്ള ക്രമക്കേടുകൾ നടന്നതായിട്ടാണ് നബാർഡ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ—സി) ഉണ്ട്. പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ. എം. എം.എൽ.-ൽ പാക്കിംഗ് യന്ത്രവും ഫിൽട്ടർ ഡ്രയറും സ്ഥാപിച്ചതിലെ ക്രമക്കേട്

*10 [419] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എം. എം. എൽ.-ൽ പാക്കിംഗ് യന്ത്രവും ഫിൽട്ടർ ഡ്രയറും സ്ഥാപിച്ചതിൽ വൻക്രമക്കേട് സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; ക്രമക്കേടുമൂലം എത്ര കോടി രൂപയുടെ നഷ്ടം കമ്പനിക്കുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly